# Malayala Manorama
# 25 August 20185
# Kumali;Mullaperiyar,Failed to move the Line to Rise the Water Level

## മുല്ലപ്പെരിയാർ: തമിഴ്നാട് നീക്കത്തിനു തിരിച്ചടി

■ പരാജയപ്പെട്ടത് ജലനിരപ്പ് 152 അടിയാക്കി ഉയർത്താനുള്ള അണിയറ നീക്കം

**മനോരമ ലേഖകൻ**

കുമളി ● മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് കുറയ്ക്കാനുള്ള സുപ്രീം കോടതി നിർദേശം തമിഴ്നാടിന് തിരിച്ചടിയായി. ജലനിരപ്പ് 152 അടിയാക്കി ഉയർത്താനുള്ള അണിയറ നീക്കമാണ് പരാജയപ്പെട്ടത്. ജലനിരപ്പ് 145 അടിയെങ്കിലും ഉയർത്തുക എന്നതായിരുന്നു ലക്ഷ്യം. അപ്രതീക്ഷമായി ലഭിച്ച മഴ മൂലം ജലനിരപ്പ് 142ൽ നിയന്ത്രിച്ച് നിർത്താൻ കഴിഞ്ഞില്ലെന്ന് വാദിക്കാനാവുമെന്നും അവർ കണക്കു കൂട്ടി.

15ന് ജലനിരപ്പ് 138 അടി എത്തിയപ്പോൾ മുതൽ സ്പിൽവേയിലെ ഷട്ടറുകൾ തുറക്കാൻ കേരളം ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് തയാറായിരുന്നില്ല. അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് ശക്തമാണെന്നും ജലനിരപ്പ് 142ൽ നിലനിർത്തുക ശ്രമകരമാണെന്നും ബോധ്യമുണ്ടായിട്ടും ഈ നിലപാടാണ് സ്വീകരിച്ചത്.

സ്ഥിതി വിലയിരുത്താൻ ഉപസമിതി അണക്കെട്ടിൽ എത്തുമ്പോൾ ജലനിരപ്പ് 142.3 അടിയായിരുന്നു. ഉപസമിതി വിവരം മേൽനോട്ട സമിതിയെ അറിയിച്ചു. തുടർന്ന് കേന്ദ്ര ജല കമ്മിഷൻ ഇടപെട്ടതോടെയാണ് ജലനിരപ്പ് നിയന്ത്രിച്ചു നിർത്താനുള്ള ശ്രമം തമിഴ്നാട് തുടങ്ങിയത്. ഇതിനായി സ്പിൽവേയിലെ 13 ഷട്ടറുകളും ആറ് അടി വരെ ഉയർത്താൻ നിർബന്ധിതരായി.

ഇതോടെ പെരിയാറിലേക്ക് വൻ ജലപ്രവാഹമുണ്ടായി. ഇക്കാര്യം ബോധ്യപ്പെടുത്താൻ കേരളത്തിന് കഴിഞ്ഞതിന്റെ ഫലം കൂടിയാണ് ജലനിരപ്പ് കുറയ്ക്കാനുള്ള നിർദേശം. ഇന്നലെ വൈകിട്ട് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139.81 അടിയാണ്. നീരൊഴുക്ക് സെക്കൻഡിൽ 1506 ഘനയടിയാണ്.

### മുല്ലപ്പെരിയാർ: കേരളത്തിന്റെ ആരോപണം തള്ളി തമിഴ്നാട്

ചെന്നൈ ● ഇടുക്കിയിലെ വെള്ളപ്പൊക്കത്തിനു കാരണം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട് മുന്നറിയിപ്പില്ലാതെ തുറന്നുവിട്ടതാണെന്ന കേരളത്തിന്റെ ആരോപണം തള്ളി മുഖ്യമന്ത്രി എടപ്പാടി കെ.പളനിസാമി. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയാക്കി ഉയർത്തുന്നതു തടയാനാണു കേരളം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്.

മൂന്നുതവണ മുന്നറിയിപ്പു നൽകിയ ശേഷമാണു മുല്ലപ്പെരിയാർ അണക്കെട്ടു തുറന്നത്. കേരളത്തിലെ വെള്ളപ്പൊക്കത്തിനു കാരണം ശക്തമായ മഴയാണെന്ന് എടപ്പാടി പറഞ്ഞു.

സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിലാണു കേരളം തമിഴ്നാടിനെതിരെ ആരോപണമുന്നയിച്ചത്.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തുറന്നുവിടുന്നതിന് ഒരാഴ്ച മുൻപു തന്നെ കേരളത്തിൽ വെള്ളപ്പൊക്കക്കെടുതി തുടങ്ങിയിരുന്നു. മൂന്നു മുന്നറിയിപ്പു നൽകിയ ശേഷമാണു ജലം തുറന്നുവിട്ടത്.

ജലനിരപ്പ് 139, 141, 142 അടികളിലെത്തിയ സമയത്താണു മുന്നറിയിപ്പുകൾ നൽകിയത്. 11,000 മുതൽ 12,000 ക്യുസെക്സ് ജലം മാത്രമാണു തമിഴ്നാട് തുറന്നുവിട്ടതെന്നും ഇതു പ്രളയത്തിനു കാരണമാകുമെന്ന വാദം ശരിയല്ലെന്നും എടപ്പാടി പറഞ്ഞു.

ഉപമുഖ്യമന്ത്രി ഒ.പനീർസെൽവും കേരളത്തിന്റെ ആരോപണങ്ങൾ തള്ളി.